## പതിമൂന്നാം കേരള നിയമസഭ

### ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3923 26.06.2013- ൽ മറുപടിയ്ക്ക്

### അന്ധതാ നിവാരണ പ്രവർത്തനങ്ങൾ

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. റ്റി. വി. രാജേഷ് :** | | **ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി)** |
| (എ) ഏതൊക്കെ ജില്ലകളിലാണ് സഞ്ചരിക്കുന്ന കണ്ണ് പരിശോധനാ യൂണിറ്റുകൾ നിലവിലുള്ളത്; ഇവിടങ്ങളിൽ ഓഫീസും ജീവനക്കാരേയും ലഭ്യമാക്കിയിട്ടുണ്ടോ ; | (എ) | മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള തിരുവനന്തപുരം റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഫ്താൽമോളജിയോടനുബന്ധിച്ച് സഞ്ചരിക്കുന്ന ഒരു കണ്ണ് പരിശോധനാ യൂണിറ്റ് ലഭ്യമാണ്. പ്രസ്തുത സ്ഥാപനത്തിലെ ജീവനക്കാർ തന്നെയാണ് സഞ്ചരിക്കുന്ന യൂണിറ്റും കൈകാര്യം ചെയ്യുന്നത്.<br>ആരോഗ്യവകുപ്പിന്റെ കീഴിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും സഞ്ചരിക്കുന്ന കണ്ണ് പരിശോധനാ യൂണിറ്റുകൾ ഇപ്പോൾ നിലവിലുണ്ട്. കോട്ടയം, ആലപ്പുഴ, തൃശ്ശൂർ ജില്ലകളിൽ ഡോക്ടറെ നിയമിച്ചിട്ടില്ല എങ്കിലും ജില്ലാ ആശുപത്രിയിലെ ജൂനിയർ കൺസൾട്ടന്റിന്റെ സേവനം ലഭ്യമാക്കുന്നുണ്ട്. ഇതിലേക്കായി ക്യാമ്പ് കോ-ഓർഡിനേറ്റർ, സ്റ്റാഫ് നഴ്സ്, ഒപ്റ്റോമെട്രിസ്റ്റ്, അറ്റൻഡൻമാർ, ഡ്രൈവർ എന്നിവരേയും നിയമിച്ചിട്ടുണ്ട്. ഇടുക്കി, കണ്ണൂർ, മലപ്പുറം എന്നി യൂണിറ്റുകൾക്ക് പ്രത്യേകമായി ഓഫീസ് നിലവിൽ ഇല്ല. |
| (ബി) സ്വന്തമായി വാഹനങ്ങളില്ലാത്ത യൂണിറ്റുകൾക്ക് വാഹനങ്ങൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) | നിലവിൽ ഒരു യൂണിറ്റിലേക്കും വാഹനം ലഭ്യമാക്കണമെന്ന ആവശ്യം ഉയർന്നിട്ടില്ല. |
| (സി) സഞ്ചരിക്കുന്ന കണ്ണാശുപത്രികൾ മുഖേന തിരഞ്ഞെടുക്കപ്പെടുന്ന തിമിര രോഗികൾക്ക് ശസ്ത്രക്രിയകളും, മരുന്നുകളും സൗജന്യമായി ലഭിക്കുന്നുണ്ടോ ; | (സി) | സഞ്ചരിക്കുന്ന കണ്ണാശുപത്രികൾ മുഖേന കണ്ടെത്തുന്ന തിമിര രോഗികൾക്ക് ശസ്ത്രക്രിയ ചിലവുകളും, കൂടാതെ, ലെൻസ്, മരുന്ന് എന്നിവയും സൗജന്യമായി ലഭ്യമാക്കുന്നുണ്ട്. |

| | | |
|---|---|---|
| (ഡി) അന്ധതാ നിവാരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുവാൻ ആവശ്യത്തിന് ഒപ്റ്റോമെട്രിസ്റ്റുകൾ ലഭ്യമാണോ; ഇല്ലെങ്കിൽ അവരുടെ ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | (ഡി) | അന്ധതാ നിവാരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുവാൻ ഒപ്റ്റോമെട്രിസ്റ്റുകൾ ആവശ്യത്തിന് ലഭ്യമാണ്. ഒഴിവുള്ള ഒപ്റ്റോമെട്രിസ്റ്റുകളുടെ തസ്തികകൾ നികത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ